പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5636 24.05.2017- ൽ മറുപടിയ്ക്ക്

## മൃതസഞ്ജീവനി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ : | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മൃതസഞ്ജീവനി പദ്ധതി സ്തംഭനാവസ്ഥയിലാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല |
| (ബി) ഈ പദ്ധതിയിൽ ക്രമക്കേടുകൾ നടക്കുന്നുവെന്ന വാർത്തയെത്തുടർന്ന് ഡോക്ടർമാർ നിസ്സഹകരണത്തിലാണെന്നുള്ള വാർത്തയ്ക്ക് അടിസ്ഥാനമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | ബി) | ഇല്ല |
| (സി) മുൻ സർക്കാർ കാര്യക്ഷമമായി നടപ്പിലാക്കി വന്ന ഈ പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | സി) | മൃതസഞ്ജീവനി പദ്ധതി നിലവിൽ കാര്യക്ഷമമായി നടന്നുവരുന്നു. മസ്തിഷ്കമരണ സ്ഥിരീകരണം കൂടുതൽ സുതാര്യമാക്കുന്നതിനായി അധിക മാർഗനിർദ്ദേശങ്ങൾ സംസ്ഥാനത്തെ പ്രമുഖ ഡോക്ടർമാരെക്കൊണ്ട് തയ്യാറാക്കുകയും ഈ മാർഗനിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനായി ഡോക്ടർമാർക്ക് പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആദ്യപടിയായുള്ള പരിശീലനം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പൂർത്തിയാക്കി. കൂടാതെ മസ്തിഷ്കമരണം സ്ഥിരീകരിക്കുന്ന നാലംഗ സമിതിയിൽ രണ്ട് ഡോക്ടർമാർ മസ്തിഷ്കമരണം സംഭവിച്ച ഹോസ്പിറ്റലിന് പുറത്തുനിന്നുള്ളവർ ആയിരിക്കണമെന്നും കൂടാതെ ഇതിൽ ഒരു ഡോക്ടർ നിർബന്ധമായും സർക്കാർ ഡോക്ടർ ആയിരിക്കണമെന്നും മസ്തിഷ്കമരണ സ്ഥിരീകരണം ബന്ധുക്കളുടെ സമ്മതത്തോടുകൂടി വീഡിയോയിൽ പകർത്തണമെന്നും 01.02.2017 ലെ സ.ഉ.(എം.എസ്)നം.16/2017/ആകുവ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയവ ദാനം പ്രോത്സാഹിപ്പിക്കുവാനായി പ്രശസ്ത സിനിമാ താരം പത്മശ്രീ ഡോ.മോഹൻലാലിനെ ഗുഡ് വിൽ അംബാസിഡർ ആയി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ